**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.466 1/12/2015-ൽ മറുപടിക്ക്**

# പൂഴിക്കോൽ പട്ടികജാതി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കണക്ഷൻ

**ചോദ്യം**

ശ്രീ.മോൻസ് ജോസഫ്

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പൂഴിക്കോൽ പട്ടികജാതി കുടിവെള്ള പദ്ധതിയുടെ വൈദ്യുതി കണക്ഷൻ സംബന്ധിച്ച് 14/2/2015 ൽ ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് നൽകിയിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ.;

(ബി) ഇതുസംബന്ധിച്ച് ഫയൽ നമ്പർ അറിയിക്കുമോ; പ്രസ്തുത പരാതി പരിഹരിക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ഇതിനെക്കുറിച്ചുള്ള മറുപടി എം.എൽ.എയെയും പരാതിക്കാരനെയും അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

**(എ) യും (ബി) യും**

വൈദ്യുതി ബിൽ കുടിശ്ശിക കാരണം മുളക്കുളം പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള കുടിവെള്ള പദ്ധതിയുടെ വൈദ്യുതിബന്ധം വിച്ഛേദിക്കുകയുണ്ടായി .പ്രസ്തുത കുടിവെള്ള പദ്ധതിക്ക് വേണ്ടി വീണ്ടും വൈദ്യുതി കണക്ഷൻ നൽകുവാൻ കുടിശ്ശിക തുകയായ 41,461/- രൂപ പലിശ സഹിതം അടയ്ക്കേണ്ടതാണെന്നുള്ള വിവരം അപേക്ഷകനെ അറിയിച്ചിരുന്നു. നാളിതുവരെ കുടിശ്ശിക അടയ്ക്കാത്തതിനാൽ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിച്ചിട്ടില്ല.

14.01.2015-ൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം പലിശ കുറവ് ചെയ്തു തരാൻ ആവശ്യപ്പെട്ടുകൊണ്ട് പൂഴിക്കോൽ പട്ടികജാതി കുടിവെള്ള പദ്ധതിയുടെ കൺവീനറായ വി.കൃഷ്ണൻ അപേക്ഷ നൽകിയിരുന്നു.എന്നാൽ നിലവിലുള്ള നിയമ പ്രകാരം ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയ്ക്ക് റെഗുലേറ്ററി കമ്മീഷന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഇങ്ങനെ റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചു തന്ന ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31.12.2014 ന് അവസാനിച്ചിരുന്നു. അപേക്ഷ താമസിച്ചു ലഭിച്ചതിനാൽ പ്രസ്തുത അപേക്ഷ പരിഗണിക്കുവാൻ സാധിച്ചിരുന്നില്ല.

ഊർജ്ജ വകുപ്പ് മന്ത്രിയ്ക്ക് നൽകിയിരുന്ന അപേക്ഷ ഡിബി2/ കംപ്ലൈന്റ്/2014-15/3397 ആയി കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർ, ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. പരാതി അന്തര നടപടികൾക്കായി കോട്ടയം ഇലക്ട്രിക്കൽ സർക്കിൾ ഡപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്ത വിവരം അറിയിച്ചുക്കൊണ്ട് 12/03/2015-ലെ 134/വി.ഐ.പി/എം(പവർ) നമ്പർ കത്തുമുഖാന്തരം ബഹു. എം.എൽ.എ.യ്ക്ക് നൽകിയിട്ടുണ്ട്. ഇ-പോസ്റ്റ് മുഖാന്തിരം പരാതിക്കാരനു മറുപടി നൽകിയിട്ടുണ്ട്. 31.12.2014 ന് ശേഷം ഒറ്റ തവണ തീർപ്പാക്കലിനായി ലഭിച്ച അപേക്ഷകൾ പരിഗണിക്കുന്നതിന് റെഗുലേറ്ററി കമ്മീഷനിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ